

# വാർത്തകളും കുറിപ്പുകളും

### സഭയുടെ പുതിയ ഭരണ സമിതി ചുമതലയേറ്റു

മഹായിടവക ബിഷപ്പിന്റെ അനുമതി ലഭ്യമായതോടെ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിന്റെ 2026-2029 കാലത്തേക്കുള്ള പുതിയ ഭരണസമിതി ചുമതലയേറ്റു. ചുമതലയൊഴിയുന്നതും ചുമതല യേൽക്കുന്നതുമായ ഭരണ സമിതികളുടെ സംയുക്ത യോഗം ഓഗസ്റ്റ് 21-ാം തീയതി ഇടവക വികാരി തോമസ് പായിക്കാടച്ചന്റെ അധ്യക്ഷ തയിൽ നടന്നു. ശ്രീ ബിജു മാത്യുവിനെ യോഗം സെക്രട്ടറി ആയി തിര ഞ്ഞെടുത്തു. സംയുക്ത യോഗത്തിന് ശേഷം, പുതുതായി തിരഞ്ഞെടു ക്കപ്പെട്ട ഭരണ സമിതി തങ്ങളുടെ ആദ്യ യോഗം ചേർന്ന് ശ്രീ . കെ. പോൾരാജിനെ ട്രഷറർ (Lay Treasurer) ആയും, ശ്രീ. ജോൺ ആൻ ഡ്രൂസിനെ ഇന്റേണൽ ഓഡിറ്റർ' ആയും തിരഞ്ഞെടുത്തു. പുതിയ ഭരണസമിതിക്ക് അടുത്ത മൂന്ന് വർഷക്കാലം സഭയെ സേവിക്കുവാൻ വേണ്ട ജ്ഞാനവും, ഐക്യവും ശക്തിയും ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### സ്വാതന്ത്ര്യ ദിനാഘോഷം

ഭാരതത്തിന്റെ എൺപതാമത് സ്വാതന്ത്ര്യ ദിനം, സഭ സമുചിതമായി ആചരിച്ചു. ഇടവക വികാരി ബഹു. തോമസ് പായിക്കാടച്ചൻ അധ്യക്ഷത വഹിച്ച ചടങ്ങ്, കീ. 207 ആലപിച്ചശേഷം നൈനാൻ തോമസച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. കൈക്കാരൻ ശ്രീ. കോര എബ്രഹാമിന്റെ സ്വാഗതത്തിനുശേഷം നടത്തിയ തന്റെ അധ്യക്ഷ പ്രസംഗത്തിൽ, പായിക്കാടച്ചൻ, സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ആനുകാലിക പ്രസക്തി ചൂണ്ടിക്കാട്ടി. തുടർന്ന് ലെഫ്റ്റ്. ജനറൽ തോമസ് മാത്യു (പി വി എസ് എം, എ വി എസ് എം) ദേശീയ പതാക ഉയർത്തുകയും സ്വാതന്ത്ര്യ ദിന സന്ദേശം നൽകുകയും ചെയ്തു. പ്രാർത്ഥനയ്ക്കും ആശിർവാദത്തിനും ശേഷം ഗായകസംഘം ദേശീയഗാനമാലപിച്ചു. തുടർന്ന് മധുരം വിതരണം ചെയ്തു.

### ശ്രീ. അജി ജോർജ്ജ് ജേക്കബിനെ ആദരിച്ചു

കഴിഞ്ഞ ഫെബ്രുവരിയിൽ സഭയുടെ അക്കൗണ്ടന്റ് സ്ഥാനത്തു നിന്ന് വിരമിച്ച ശ്രീ. അജി ജോർജ്ജ് ജേക്കബിനെ, ഓഗസ്റ്റ് 23-ന്

മലയാളം ആരാധനാവേളയിൽ ആദരിച്ചു. സഭയ്ക്കായി അദ്ദേഹം നൽകിയ ആത്മാർത്ഥവും വിശ്വസ്തവുമായ സേവനത്തെ സഭ നന്ദിയോടെ സ്മരിക്കുന്നു.

**ഓണം മെഗാ വിപണന മേള**

ഓഗസ്റ്റ് 23-നു ഇംഗ്ലീഷ്, മലയാളം ആരാധനകൾക്ക് ശേഷം, പള്ളി അങ്കണത്തിൽ 'വുമൺസ് ഫെലോഷിപ്പ്', 'ഇക്കോളജി ഫോറം' എന്നിവയുടെ ആഭിമുഖ്യത്തിൽ ഓണം മെഗാ വിപണന മേള സംഘടിപ്പിച്ചു. ഈ പരിപാടിയിൽ ആവേശപൂർവ്വം പങ്കെടുക്കുകയും അത് വൻ വിജയമാക്കിത്തീർക്കുകയും ചെയ്ത എല്ലാ ഇടവകാംഗങ്ങൾക്കും നന്ദി.

സെപ്തംബർ ആറാം തീയതി ഗായകസംഘ ഞായർ ആണല്ലോ. ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിലും വിശ്വാസികളെ ഒന്നിപ്പിക്കുന്നതിലും ഗാനങ്ങളിലൂടെ വിശ്വാസം പ്രഖ്യാപിക്കുന്നതിലും സംഗീതത്തിനുള്ള സുപ്രധാന ശുശ്രൂഷയെ ഗായകസംഘ ഞായറ എടുത്തുകാട്ടുന്നു.

സെപ്തംബർ 12 സി.എസ്.ഐ. സഭാ രൂപീകരണ ദിനമാണ്. പ്രതിസന്ധികളിൽ തളരാതെ, ഇന്നും വിശ്വാസത്തിൽ മുന്നേറുന്ന, പരിണമിച്ചുകൊണ്ടിരിക്കുന്ന സഭയുടെ സാക്ഷ്യത്തെ ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യാം. ചേർത്ത് നിർത്തലിന്റെയും ഐക്യത്തിന്റെയും ഒരുമയുടെയും നാളുകൾക്കായി നമുക്ക് പ്രയത്നിക്കാം, പ്രാർത്ഥിക്കാം.

ആദരവോടെ,

**ബിജു മാത്യു**
സെക്രട്ടറി

## Area Prayer Meetings

| Date & Time | Area | Name | IDNo. | P. No. | Phone |
|---|---|---|---|---|---|
| 19-09-2026 Saturday 4.00 pm | Nanthancode | Mr. Gijo Chandy | G-080 | 226 | 9447370480 9447017853 |
| 21-09-2026 Monday 4.30 pm | Pattom-Plamoodu | Mr. P A Thomas | T-028 | 314 | 9495729622 |
| 22-09-2026 Tuesday 4.30 pm | Nanthancode | Mr. Abraham Ninan (@ Zion Hall) | A-033 | 210 | 9072170226 |